**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **02-02-2024 - ൽ മറുപടിയ്ക്ക്**

**വൃദ്ധസദനം നിർമ്മിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കോട്ടയം ജില്ലാ വൃദ്ധസദനത്തിനുവേണ്ടി, മുളക്കുളം ഗ്രാമ പഞ്ചായത്തിലെ കാരിക്കോട് കരയിൽ പഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 2023-24 ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ) 37 -<br><br>മത്തെ ഇനമായി സാമൂഹ്യനീതി വകുപ്പ് മുഖേന കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളം കാരിക്കോട് നിർമ്മാണം രണ്ടാം ഘട്ട പദ്ധതിയ്ക്കായി തുക വകയിരുത്തിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 300 ലക്ഷം രൂപയിൽ 60 ലക്ഷം രൂപയാണ് നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം കൂടുതൽ വയോജന സഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും, പ്ലാനും ബാരിയർ ഫ്രീ കണ്ടസൾട്ടൻസി സെൽ മുഖേന ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തുകയും പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിന് മുന്നോടിയായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പിന്റെ 2235-02-001-96 (പി) ശീർഷകത്തിൽ നിന്നും 3,90,000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.പ്രസ്തുത നടപടി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ എന്തെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് സാമൂഹ്യനീതി വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ മുഖേന അക്സസ് ഓഡിറ്റ് നടത്തി വിശദമായ റിപ്പോർട്ടും പ്ലാനും തയ്യാറാക്കിയിരുന്നു. മേൽ പ്ലാൻ അംഗീക്കരിയ്ക്കാവുന്നതാണെന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിനു ശേഷമുള്ള |

| | | | |
|---|---|---|---|
| | | | കണ്ടെത്തലിന്റെ വിശദാംശങ്ങൾ അനുസരിച്ച് അനുസരിച്ച് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിയ്ക്കുവെന്നും പഴയ കെട്ടിടത്തിൽ നിന്നും നിശ്ചിത അകലം പാലിക്കേണ്ടി വന്നാൽ അതനുസരിച്ചുള്ള ഭേദഗതികൾ വരുത്തുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് 16.10.2023 ൽ സ്ഥലം എം.എൽ.എ. വകുപ്പ് മന്ത്രിക്കും ഡയറക്ടർക്കും നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത കത്തിന് ഡയറക്ടർ സ്ഥലം എം.എൽ.എ. ക്ക് മറുപടി നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (സി) | രണ്ടാം ഘട്ട നിർമ്മാണ പ്രവരത്തനങ്ങൾ അടിയന്തിരമായി ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനായി കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദേശം നൽകിയിരുന്നു. വർക്ക് ആരംഭിയ്ക്കുന്നതിന് മുന്നോടിയായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾക്കായി വൈക്കം പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന ലഭ്യമാക്കിയ 3,90,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിച്ചു കൊണ്ടുള്ള മറുപടി ബഹു.എം എൽ എ ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ. യുടെ സാന്നിധ്യത്തിൽ ഇരു വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | ഇത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.എം എൽ എ മീറ്റിംഗ് വിളിച്ചിരുന്നു. ചില അസൗകര്യം മൂലം ആയത് മാറ്റി വെക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സ്ഥലം എം എൽ എ സാമൂഹ്യനീതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ബാരിയർ ഫ്രീ കൺസൾട്ടൺസി സെൽ എന്നിവരുമായി ചേർന്ന് ഒരു മീറ്റിംഗ് കൂടുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ